# أحكام الأضحية

الإعداد/ القسم المليباري بالمكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام

# ഉദുഹിയ്യത്

## ഉദുഹിയ്യത്തിന്റെ വിധി

ഉദുഹിയ്യത്ത് ബലവത്തായ സുന്നത്താകുന്നു. കഴിവുണ്ടായിട്ടും ഉദുഹിയ്യത്ത് ഉപേക്ഷിക്കൽ ദീനിൽ വെറുക്കപ്പെട്ട സംഗതിയാവുന്നു. അല്ലാഹു പറഞ്ഞു:'' ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പി ക്കുകയും ചെയ്യുക '' (വി.ഖു. 108:2) '' ബലിയൊട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തികൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചുകൊണ്ട് ബലിയർപ്പി)ക്കുക '' (വി. ഖു. 22:36)

അനസ് (ﷺ) വിൽനിന്ന് നിവേദനം: ''നബി (ﷺ) കൊമ്പുള്ള തടിച്ച രണ്ടാടുകളെ തന്റെ കൈ കൊണ്ട് ബലിയറുത്തു. അദ്ദേഹം ബിസ്മിയും തക്ബീറും ചൊല്ലിയിരുന്നു''. (ബുഖാരി, മുസ്ലിം)

## ഏതാണ് ബലി മൃഗം ?

ആട്, മാട്, ഒട്ടകം എന്നീ വർഗ്ഗത്തിൽപെട്ട കന്നുകാലികളെയാണ് ബലിയറുക്കേണ്ടത്. അല്ലാഹു പറയുന്നു: ''അവർക്ക് ഉപജീവനത്തിനായി അല്ലാഹു അവർക്ക് നൽകിയിട്ടുള്ള കന്നുകാലി മൃഗങ്ങളെ അവന്റെ നാമമുച്ചരിച്ചുകൊണ്ട് അവർ അറുക്കേണ്ടതിന് വേണ്ടിയത്രെ അത്. '' (വി.ഖു 22:34) ബലി മൃഗം ന്യൂനതകളിൽ നിന്നും രക്ഷപ്പെട്ടതായിരിക്കണം. നബി (ﷺ) പറഞ്ഞു : നാലു തരം മൃഗങ്ങൾ ഉദുഹിയ്യത്തിൽ പാടുള്ളതല്ല: വ്യക്തമായി കണ്ണിന് കാഴ്ചക്കുറവുള്ളത്, രോഗം പ്രകടമായത്, മുടന്തുള്ളത്, മെലിഞ്ഞൊട്ടിയത്. (തിർമിദി)

## ബലിയറുക്കേണ്ട സമയം

പെരുന്നാൾ നമസ്കാരശേഷമാണ് ബലിയറുക്കേണ്ട സമയം ആരംഭിക്കുന്നത്. നബി (ﷺ) പറഞ്ഞു : ''പെരുന്നാൾ നമസ്കാരത്തിന് മുമ്പാണ് ആരെങ്കിലും അറുത്തതെങ്കിൽ അവൻ തനിക്ക് വേണ്ടി യാണ് അറുത്തത്. നമസ്കാരത്തിനും രണ്ട് ഖുത്തുബകൾക്കും ശേഷമാണ് അവൻ ബലിയറുത്തതെങ്കിൽ അവൻ അവന്റെ ബലി പൂർത്തീകരിച്ചിരിക്കുന്നു. സുന്നത്ത് പിൻപറ്റുകയും ചെയ്തിരിക്കുന്നു''. (ബുഖാരി, മുസ്ലിം) പെരുന്നാൾ ദിവസത്തിനു പുറമെ ദുൽഹജ്ജ് 11,12,13 (അയ്യാമുത്തശ്‌രീഖ്) നാളുകളിലും ഉദുഹിയത്ത് അറുക്കാവുന്നതാണ്.

## ബലിയറുക്കുമ്പോൾ ചൊല്ലേണ്ടത്

ബലി നൽകുന്നവൻ بسم الله الله أكبر എന്ന് ചൊല്ലികൊണ്ട് സ്വന്തം കൈകൊണ്ട് ബലിയറുക്കൽ സുന്നത്താണ്.

## ഉദുഹിയ്യത്തിന്റെ വിതരണം

ബലി നൽകുന്നവൻ അതിൽനിന്ന് തിന്നലും വേണ്ടപ്പെട്ടവർക്ക് സമ്മാനിക്കലും സാധുക്കൾക്ക് സ്വദഖചെയ്യലും സുന്നത്താണ്. അല്ലാഹു പറഞ്ഞു:''...അങ്ങനെ അവയിൽനിന്ന് നിങ്ങൾ തിന്നുകയും, പരവശനും ദരിദ്രനുമായിട്ടുള്ളവന്ന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക'' (വി.ഖു. 22:28) അല്ലാഹു പറഞ്ഞു : ''അങ്ങനെ അവ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽ നിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും, (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും, ആവശ്യപ്പെട്ടു വരുന്നവനും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക... '' (വി.ഖു. 22:36)

## ബലിയറുക്കുവാൻ ഉദ്ദേശിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഉമ്മുസലമ(ﷺ) യിൽ നിന്ന് നിവേദനം നബി (ﷺ) പറഞ്ഞു : ദുൽഹജ്ജ് പത്ത് വരുകയും നിങ്ങളിൽ ഒരാൾ ബലിയറുക്കാൻ ഉദ്ദേശിക്കുകയും ചെയ്താൽ അയാൾ (ബലിയറുക്കുന്നതുവരെ) തന്റെ മുടിയും നഖവും എടുക്കാതെ പിടിച്ചു നിർത്തട്ടെ. (മുസലിം അഹ്'മദ്)

ഇനിയുമറിയാനും സത്യം ഗ്രഹിക്കുവാനും ഞങ്ങളുമായി ബന്ധപ്പെടുക. സസ്നേഹം
ഇസ്ലാമിക് കൾച്ചറൽ സെന്റർ മലയാള വിഭാഗം 8320004 – 221
ദമ്മാം, സൗദി അറേബ്യ

وصلّى الله على نبيّنا محمّد وآله وصحبه وسلّم